# മുത്തുച്ചിപ്പി



എന്തിനു ഞാനീയലയാഴിപോലസ്വസ്ഥമാം
എൻമനസുമായെന്നുമീ വഴി നടക്കുന്നു?

എന്തിനു ഞാനീക്കടൽത്തീരഭൂമിയിൽ വന്നു
സന്ധ്യയിലിരിക്കുന്നു? പിന്നെയുമുയരുന്ന

തിരമാലകൾ ചിന്നിച്ചിതറും നനവാർന്ന
കരളും പേറിക്കൊണ്ടു ഞാൻ നടന്നകലുന്ന

വഴിയിൽ, കണ്വാശ്രമവനിയിൽ തളർന്നുവീ–
ണുറങ്ങും സ്വപ്നത്തിന്റെ താമരമൊട്ടും കോർത്തു

നില്ക്കുന്നൂ ശകുന്തള; യാഷാഢമാസത്തികൽ
വർഷമേഘവും നോക്കി നിൽക്കുകയല്ലോ യക്ഷൻ.

എന്തിനെൻകരളിന്റെയുള്ളിലേയ്ക്കൊരു മഞ്ഞിൻ
തുള്ളിയായൊരുമുത്തുച്ചിപ്പിയായ്ത്തീരാനാണോ?

എന്തിനീപ്രക്ഷുബ്ധമാമലയാഴിതന്നടി–
ത്തട്ടിലേയ്ക്കൊരുമുത്തുച്ചിപ്പിയായ് താഴാനാണോ?■

1972